# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1422 | 31.10.2019-ന് മറുപടിയ്ക്ക് |
|---|---|

## കരുനാഗപ്പള്ളിയിലെ നിർമ്മാണങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി

| ചോദ്യം<br>ശ്രീ ആർ. രാമചന്ദ്രൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പുതിയകാവ്-ചക്കുവള്ളി റോഡിൽ ചിറ്റുമൂല ഓവർബ്രിഡ്ജിന്റെയും കാട്ടിൽകടവ് പാലത്തിന്റെയും നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പുതിയകാവ്-ചക്കുവള്ളി (ചിറ്റുമൂല) റയിൽവെ മേൽപ്പാലത്തിനായി കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ തഴവ, തൊടിയൂർ വില്ലേജുകളിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 180.20 ആർസ് (1.1820 ഹെക്ടർ) സ്ഥലം 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് 13/05/2019-ലെ സ.ഉ (സാധാ) നം.1114/2019/റവ പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റിനെ നിയോഗിക്കുന്നതിലേക്ക് അംഗീകൃത യൂണിറ്റുകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതുമാണ്.<br><br>**കാട്ടിൽ കടവ് പാലം**<br>കരുനാഗപ്പള്ളി കാട്ടിൽ കടവ് മേൽപ്പാലം നിർമ്മാണത്തിന് പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റിക്വിസിഷൻ അതോറിറ്റിയും, എൽ.എ.യും സംയുക്ത സ്ഥലപരിശോധന നടത്തിയതിൽ അലൈൻമെന്റ് വ്യത്യാസം വരുത്തേണ്ടതുണ്ടെന്ന് കാണുന്നു. ആയതിന്റെ നടപടികൾ നടന്നുവരുന്നു. |
| (ബി) | സ്ഥലം സർവ്വേ ചെയ്യുന്നതിനാവശ്യമായ ഇൻസിഡന്റൽ ചാർജ്ജ് കിഫ്ബിയിൽ നിന്നും റവന്യൂ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ചക്കുവള്ളി-ചിറ്റുമല ഓവർ ബ്രിഡ്ജിന് റിക്വിസിഷൻ അതോറിറ്റിയായ ആർ.ബി.ഡി.സി 3,00,000/- രൂപ ഇൻസിഡന്റൽ ചാർജ്ജായി കെട്ടിവച്ചിട്ടുണ്ട്.<br><br>കാട്ടിൽക്കടവ് പാലത്തിന്റെ ഇൻസിഡന്റൽ ചാർജ്ജ് നാളിതുവരെ പി. ഡബ്ല്യൂ.ഡി (ബ്രിഡ്ജസ്) ഡിവിഷൻ കെട്ടിവച്ചിട്ടില്ലാത്തതാണ്. |
| (സി) | പ്രസ്തുത പദ്ധതികൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുമോ എന്നറിയിക്കാമോ? | (സി | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ